സബ് കമ്മിറ്റിയെ തീരുമാനിച്ചിട്ടുണ്ട്. ഇമ്മീഡിയറ്റായിട്ട് ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിരിക്കുന്നു. അടുത്ത വർഷത്തേയ്ക്കുള്ള വിഷയത്തിൽ ഇതും ഉൾപ്പെടുത്തുന്നുണ്ട്.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, എൻട്രൻസ് പരീക്ഷയിൽ ഉണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ചും അതിനു ആവശ്യമായ പരിഷ്ക്കാരങ്ങളെ സംബന്ധിച്ചും പറഞ്ഞു. കൊച്ചി സർവ്വകലാശാല ഈ കഴിഞ്ഞ ബി-ടെക് എൻട്രൻസ് പരീക്ഷ നടത്തിയതിൽ തൃശ്ശൂർ സെന്ററിൽ പരീക്ഷ എഴുതിയ കുട്ടികൾ പരാജയപ്പെട്ട വിഷയം ഇവിടെ ചർച്ച ചെയ്തതാണ്. സർവ്വകലാശാലയുടെ വിശദീകരണം ഗവൺമെന്റ് ചോദിച്ചിട്ടുണ്ടോ? എന്തെങ്കിലും നടപടി അതു സംബന്ധിച്ച് എടുത്തിട്ടുണ്ടോ? കൊച്ചിൻ സർവ്വകലാശാലയിൽ ഇതു പോലുള്ള പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : കൊച്ചിൻ സർവ്വകലാശാലയിലെ ക്രമക്കേടുകൾ അവർതന്നെയാണ് കണ്ടെത്തിയത്. അവർ അത് കറക്ട് ചെയ്യുകയും ചെയ്തു. ഇപ്പോൾ കേരളത്തിൽ നടപ്പാക്കുവാൻ പോകുന്ന സിസ്റ്റം ഇൻഡ്യക്ക് മുഴുവൻ മാതൃകയായിരിക്കുമെന്ന് വളരെ വിദഗ്ദ്ധരായിട്ടുള്ള ആളുകൾ ഐ. ഐ.എം.ഉം. ഐ.ഐ.റ്റി.യും ഒക്കെ പറഞ്ഞിട്ടുണ്ട്. ഇവരൊക്കെ ഈ കമ്മിറ്റിയിൽ ഉണ്ടായിരുന്നു. ഇത് ഇൻഡ്യയ്ക്ക് ആകെ മോഡലാകാവുന്ന രീതിയാണ് ഇപ്പോൾ നമ്മൾ അവലംബിക്കുന്നത്. കൊച്ചിൻ സർവ്വകലാശാലയ്ക്കും ആ വിധത്തിൽ ചെയ്യാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എൻട്രൻസ് പരീക്ഷ സംബന്ധിച്ച് ഇപ്പോൾ സ്ക്രീനിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതായി അറിയുന്നു. ഡിസംബർ മാസത്തിൽ സ്ക്രീനിംഗ് സമ്പ്രദായവും മാർച്ച് മാസത്തിൽ സ്വാഭാവികമായിട്ടുണ്ടാകുന്ന പ്രീഡിഗ്രി പരീക്ഷയും പിന്നീടുവരുന്ന എൻട്രൻസ് എക്സാമിനേഷന്റെ ഫൈനൽ പരീക്ഷയും ഉണ്ടാകും. ഈ മൂന്ന് പരീക്ഷകളും ഒരുമിച്ചു വരുമ്പോൾ കുട്ടികളെ ഏറ്റവും കൂടുതൽ പീഡിപ്പിക്കുന്നതിനു തുല്യമാണ്. ഈ ഏറ്റവും വലിയ മെന്റൽ ടെൻഷൻ ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും ഒരു പുതിയ സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ഇപ്പോൾ സ്ക്രീനിംഗ് സിസ്റ്റമൊന്നും ഏർപ്പെടുത്തിയിട്ടില്ല. പഴയ രീതിയിൽത്തന്നെ അവർക്ക് പരീക്ഷ എഴുതാം. ക്വസ്റ്റ്യൻ പേപ്പർ സെറ്റിംഗിലൊക്കെയാണ് മാറ്റം വരുത്തിയിട്ടുള്ളത്. ഉത്തരപേപ്പറിൽ ഫാൾസ് നമ്പർ ഇടുക തുടങ്ങിയ സുതാര്യമായ കാര്യങ്ങളാണ് തീരുമാനിച്ചിട്ടുള്ളത്. സ്ക്രീനിംഗ് ഒന്നും ഇപ്പോൾ ഏർപ്പെടുത്തിയിട്ടില്ല.

3 (*93) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കമ്പ്യൂട്ടർ സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന രജിസ്ട്രേഷൻ വകുപ്പ് പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) രജിസ്ട്രേഷൻ വകുപ്പിൽ അഴിമതിയും മറ്റും അവസാനിപ്പിക്കുവാനും രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കുറ്റമറ്റതാക്കുവാനും നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ എന്നിവ കാലതാമസം കൂടാതെ ലഭ്യമാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. രണ്ട് ഘട്ടങ്ങളിലായി രജിസ്ട്രേഷൻ വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമായി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 14 സബ് രജിസ്ട്രാർ ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) രജിസ്ട്രേഷൻ വകുപ്പിന്റെ പുനഃസംഘടന തൽക്കാലം പരിഗണനയിലില്ല.

(ഇ) രജിസ്ട്രേഷൻ വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്നതോടെ പൊതുജനങ്ങൾക്ക് ഇപ്പോൾ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾക്ക് അറുതിവരും. കൂടാതെ രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ വകുപ്പിൽ വിജിലൻസ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം.വി. ജയരാജൻ : രജിസ്ട്രേഷൻ വകുപ്പ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽക്കരണ നടപടി സ്വീകരിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടിയായി പറഞ്ഞിട്ടുള്ളത്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുവാനാണ് രജിസ്ട്രേഷൻ വകുപ്പ് കാര്യക്ഷമമാക്കണമെന്ന ആവശ്യം ഉയർന്നുവന്നത്. ഇപ്പോൾ ഒരു ആധാരം രജിസ്റ്റർ ചെയ്യുവാൻവേണ്ടി ഒരു ദിവസം മുതൽ രണ്ടും മൂന്നും ആഴ്ച എടുക്കുകയാണ്. അതുകൊണ്ട് ഈ കാലതാമസം ഒഴിവാക്കുവാൻ ആന്ധ്രാപ്രദേശിൽ കാർഡ് എന്ന പേരിൽ അവിടെ വിജയകരമായിട്ട് നടപ്പാക്കിയിട്ടുള്ള പരിഷ്ക്കരണ പദ്ധതി കേരളത്തിലും നടപ്പാക്കുന്നതിനുവേണ്ടി ഗവൺമെന്റ് സന്നദ്ധമാക്കുമോ; അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : അതിനുവേണ്ടിയുള്ള തീരുമാനം എടുത്ത് ആദ്യ നടപടി ആരംഭിച്ചിട്ടുണ്ട്. The committee evaluated the CARD Project being implemented in Andhra Pradesh Registration Department and on the basis of the interactions with the officials of Andhra Pradesh, suggested that the Project may be implemented in Kerala.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ അടിസ്ഥാനത്തിൽ നാല് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഈ വരുന്ന ഏപ്രിൽ മാസത്തോടുകൂടി കമ്പ്യൂട്ടർ രജിസ്ട്രേഷൻ ഏർപ്പെടുത്തും. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കണ്ണൂർ എന്നീ നാലു ജില്ലകളിലാണ്. തുടർന്ന് 14 ജില്ലകളിലും ഓരോ ഓഫീസ്. അതിനെത്തുടർന്ന് കേരളത്തിലെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളും ഇതുപോലെ കമ്പ്യൂട്ടർവൽക്കരിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

<u>ശ്രീ. എം.വി. ജയരാജൻ</u> : രജിസ്ട്രേഷൻ വകുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം പ്രമാണത്തിൽ വില കുറച്ചു കാണിച്ച് നികുതി വെട്ടിപ്പ് നടത്തുന്നതാണ്. ഈയിടെ ഒരു പത്ര വാർത്ത വ്യക്തമാക്കുന്നത് എറണാകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന കവിതാ തിയേറ്റർ കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പരാതിയാണ്. ഒരു ലക്ഷം രൂപക്കാണ് ആ തിയേറ്റർ കൈമാറിയതായി പ്രമാണത്തിൽ വില കാണിച്ചതായി പത്രവാർത്തകൾ തെളിയിക്കുന്നത്. റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകൾ ആ തീയേറ്ററിന് കണക്കാക്കിയിട്ടുള്ള വില 19,29,70,000 രൂപയാണ്. അത്ര വലിയ വെട്ടിപ്പാണ് അവിടെ നടത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച വല്ല പരാതിയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വല്ല അന്വേഷണവും ഗവൺമെന്റ് നടത്തുന്നുണ്ടോ; ഈ സ്ഥലം വാങ്ങിയിട്ടുള്ള ആളിൽനിന്നും തുക ഈടാക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഈ കാര്യത്തിൽ പ്രാഥമിക അന്വേഷണം നടത്തി അവിടുത്തെ സബ് രജിസ്ട്രാറിനെ സസ്പെന്റ് ചെയ്തു. മറ്റു നടപടികൾ സ്വീകരിച്ചുവരികയാണ്. ഫെയർ വാല്യൂ ഫിക്സേഷനുവേണ്ടി ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ക്യാബിനറ്റ് പരിഗണിച്ചു. ഈ ഫെയർ വാല്യൂ ഫിക്സേഷൻ കേരളത്തിലെ എല്ലാ മേഖലകളിലും, ഗ്രാമപ്രദേശങ്ങളിൽ, പഞ്ചായത്തുകളിൽ ജനപ്രതിനിധികളുടെ സഹായത്തോടെ നടപ്പാക്കാൻ വേണ്ടി ഇതിനോടകം ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞു. ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ഫെയർ വാല്യൂ ഫിക്സേഷൻ നടത്തുന്നതാണ്. ഇപ്പോൾ രജിസ്ട്രേഷൻ രംഗത്തുള്ള ഈ വെട്ടിപ്പ് ഒഴിവാക്കാൻ കഴിയുന്നതാണ്.

<u>ശ്രീ. എ. കണാരൻ</u> : രജിസ്ട്രേഷൻ വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുമെന്നും അതുപോലെ 14 എണ്ണം ആദ്യവും പിന്നീട് എല്ലാം ഒന്നായിട്ട് ചേർത്തും കമ്പ്യൂട്ടർവൽക്കരിക്കപ്പെടുമെന്നാണ് ബഹുമാനപ്പെട്ട അങ്ങ് പ്രസ്താവിച്ചത്. 14 എണ്ണം എവിടെയാണ്; എന്ത് മാനദണ്ഡമാണ്; ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : The CARD Project in Kerala is to be implemented in a phased manner. To begin with, the implementation is to be taken up in 14 SROs, one in each District. Accordingly the list of SROs have been identified. ഓരോ ജില്ലയിലും ഓരോ സബ് രജിസ്ട്രാർ ഓഫീസ് തെരഞ്ഞെടുത്തിട്ടുണ്ട്. തുടർന്ന് എല്ലാ കമ്പ്യൂട്ടർവൽക്കരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. എ. കണാരൻ</u> : രജിസ്ട്രേഷൻ വകുപ്പ് നടപടി സ്വീകരിച്ച വസ്തുവിൽപ്പനയിൽ യഥാർത്ഥമായ വില കാണിക്കാത്തതിന്റെ ഫലമായി 3,82,000 കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിൽ 88 കോടി രൂപയുടെ നഷ്ടം ഉണ്ടാകും എന്നാണ് ഗവൺമെന്റ് പറയുന്നത്. ഇതിൽ ഏറ്റവും കൂടുതൽ വസ്തുവിൽപ്പന നടന്നിട്ടുള്ളത് ആലപ്പുഴയിലും ഏറ്റവും കുറവ് കോഴിക്കോടു

LIBRARY ARCHIVES Kerala Legislative Assembly

മാണ്. ഇതിനെ സംബന്ധിച്ച് ഒരു നടപടി വേഗം പൂർത്തീകരിച്ചു കഴിഞ്ഞാൽ കോടിക്കണക്കിന് രൂപ നമുക്ക് കിട്ടാനിടയുണ്ട്. നേരത്തെ എറണാകുളത്തെ പ്പറ്റി പറഞ്ഞപോലെ വ്യാപാരിവ്യവസായ ഏകോപന സമിതിയുടെ ഒരു കെട്ടിടം കോഴിക്കോട് പട്ടണത്തിന്റെ ഹൃദയഭാഗത്ത് അത് 50 ലക്ഷത്തിനാണ്. അവർ തന്നെ പ്രസംഗിച്ചു നടക്കുന്നു. രജിസ്ട്രേഷൻ വകുപ്പിനെ പറ്റി ക്കാൻവേണ്ടിയാണ് ഞങ്ങൾ വില കുറച്ചത് എന്ന്. അവർ തമ്മിൽ അഭിപ്രായ വ്യത്യാസമാണ്. ഗുരുതരമായ അഭിപ്രായ വ്യത്യാസവും മൽപ്പിടിത്തവും നട ന്നുകൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ വിലയുള്ള വസ്തു 50 ലക്ഷം രൂപയുടെ തട്ടിപ്പ് നടത്തിക്കൊണ്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിനെ സംബന്ധിച്ച് അന്വേഷണം നടത്തുമോ? ഞാൻ നേരത്തെ പറഞ്ഞ പോലെ 3,82,000 വരുന്ന കേസുകളിൽ ഏതെല്ലാം കേസ്സുകൾ തീർപ്പ് കൽപ്പിച്ചു; രജിസ്ട്രേഷൻ വകുപ്പിന് എത്ര കോടി രൂപ കിട്ടിയിട്ടുണ്ട്?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഏതാണ്ട് 10 ലക്ഷം കേസ്സുകൾ ഉണ്ടായി രുന്നു. അതിൽ ഏകദേശം 1/3 കേസുകളിൽ ആംനെസ്റ്റി സ്കീം 30% കിട്ടി യാൽ അവരുടെ കേസുകൾ തീർത്തുകൊടുക്കുമെന്ന നിലപാട് എടുത്തു. അതുവഴി ഗവൺമെന്റ് 1/3 കേസുകളിലെ തുകയേ കിട്ടിയുള്ളൂ. ബാക്കിയുള്ള കേസുകളെപ്പറ്റി നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെ ഒറ്റപ്പെട്ട കേസുകൾ നമുക്ക് അന്വേഷിക്കാവുന്നതാണ്. ആത്യന്തികമായി പരിഹാരം കാണണമെങ്കിൽ ഫെയർ വാല്യു ഫിക്സ് ചെയ്യണം. അതിന് ഗവൺമെന്റ് നിശ്ചയിച്ച കമ്മിറ്റി റിപ്പോർട്ടു തന്നു. ക്യാബിനറ്റ് അംഗീകരിച്ചു. കഴിഞ്ഞ കളക്ടേഴ്സ് കോൺഫറൻസിൽ അജണ്ട ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഈ വർഷം തന്നെ ഫെയർ വാല്യു ഫിക്സ് ചെയ്ത് പ്രഖ്യാപിക്കുന്നതാണ്. ജനപ്രതിനിധികളേയും ഉൾപ്പെടുത്തി ഫെയർ വാല്യു ഫിക്സ് ചെയ്യുന്നതാ ണ്.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : പ്രമാണത്തിൽ വില കുറച്ച് നികുതി വെട്ടിപ്പ് നടത്തിയവരിൽനിന്നും നികുതി ഈടാക്കാൻ വേണ്ടി രജിസ്ട്രേഷൻ വകുപ്പ് രൂപം നൽകിയിരുന്ന ആംനെസ്റ്റി പദ്ധതി അനുസരിച്ച് എത്ര കോടി രൂപയാണ് പിരിച്ചെടുത്തിരിക്കുന്നത്; ഈ പദ്ധതിയെ തുടർന്ന് നികുതി വെട്ടിപ്പ് തടയുന്നതിനുവേണ്ടി പുതിയ ഏതെങ്കിലും പദ്ധതിക്ക് രൂപം കൊടു ത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : കൃത്യമായി എത്ര രൂപയാണെന്ന് പറയാനാ യിട്ട് എനിക്ക് നോട്ടീസ് വേണം. 1/3 കേസുകളിൽ 30% തുകയടച്ച് കേസുകൾ തീർത്തിട്ടുണ്ട്. ബാക്കിയുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആത്യ ന്തികമായി പ്രശ്നം പരിഹരിക്കണമെങ്കിൽ, ഇപ്പോൾ വസ്തു ഉടമ പറയുന്ന തുകവച്ച് രജിസ്ട്രേഷൻ നടത്തിക്കൊടുക്കേണ്ട സ്ഥിതിയാണിന്നുള്ളത്. ഇതു പരിഹരിക്കണമെങ്കിൽ ഫെയർ വാല്യു ഫിക്സ് ചെയ്യണം. ആ ഫെയർ വാല്യു ഫിക്സ് ചെയ്യാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിരിക്കുന്നു. അതി നുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ഈ വർഷം തന്നെ ഫെയർ വാല്യു ഫിക്സ് ചെയ്ത് അതിനുള്ള അന്തിമ രൂപം കൊടുക്കുന്നതാണ്.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : മുഴുവൻ രജിസ്ട്രേഷൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് മൊത്തം എത്ര കോടി രൂപ ചെലവ് വരുമെ ന്നാണ് സർക്കാർ കണക്കാക്കുന്നത്?

<u>ശ്രീ. പി.ജെ. ജോസഫ്</u> : അത് കണക്കാക്കി വരുന്നതേയുള്ളൂ. 14 ഓഫീസുകളുടെ ഇംപ്ലിമെന്റേഷനെ തുടർന്ന് അതിനൊരു അവസാന രൂപം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. 14 ഓഫീസുകളുടെ കാര്യത്തിൽ ഏപ്രിൽ മാസത്തോടുകൂടി 4 ഓഫീസുകളിൽ പൂർത്തിയാകും. ബാക്കി അടുത്ത ഏതാനും മാസങ്ങൾക്കകം പൂർത്തിയായിക്കഴിയുമ്പോൾ മറ്റ് ഓഫീസുകളിൽ ചെയ്യുന്നതിനുള്ള ഫണ്ട് കണ്ടെത്തേണ്ടതായിട്ടുണ്ട്. ആ കാര്യവും ഗവൺമെന്റ് സജീവമായി പരിഗണിച്ച് ഘട്ടംഘട്ടമായി മുഴുവൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : മുദ്രപ്പത്രവില തട്ടിപ്പ് തടയുന്നതിനു വേണ്ടി ഫെയർ വാല്യു ഫിക്സ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായിട്ടാണ് അങ്ങ് ഇപ്പോൾ പറഞ്ഞത്. ഫെയർ വാല്യു ഫിക്സ് ചെയ്യുന്നതിനുവേണ്ടി ഏതുതരം സംവിധാനം ഏർപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി.ജെ. ജോസഫ്</u> : അതിനുവേണ്ടി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിർദ്ദേശിച്ചിരുന്നു. ആ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ആ ശുപാർശകൾ മന്ത്രിസഭ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. യഥാർത്ഥത്തിലുള്ള വില അവിടെ ഓരോ പ്രദേശത്തേയും സർവ്വേ നമ്പരുടെ യഥാർത്ഥ വില എത്രയെന്ന് ആ നാട്ടിലുള്ള ആളുകൾക്കറിയാം. അതുകൊണ്ട് ജനപ്രതിനിധികളോടും കൂടി കൺസൾട്ട് ചെയ്താവും ആ വില ഫിക്സ് ചെയ്യുക. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലാണ് ഇത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : നമ്മുടെ സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ പലതും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടങ്ങളുള്ള ഓഫീസുകൾ കുറച്ചു കുറവാണെന്നാണ് തോന്നുന്നത്. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും സ്വന്തമായ കെട്ടിടത്തിലേക്ക് മാറ്റുന്നതിലേക്ക് ആവശ്യമായിട്ടുള്ള നിർമ്മാണ പ്രവർത്തനം നടത്താനായിട്ട് പ്രത്യേക നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഈ വർഷം പുതുതായിട്ട് 5 കെട്ടിടങ്ങൾ തീർത്തു. പെരിങ്ങോം കെട്ടിടം തീർത്തിരിക്കുന്നു. അടുത്തയാഴ്ച ഉദ്ഘാടനം ചെയ്യുകയാണ്. കൂടുതൽ കെട്ടിടങ്ങൾ പണിയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

4 (*94) വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

<u>ശ്രീമതി എൻ.കെ. രാധ</u> :

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> :

<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പദ്ധതികൾക്ക് പുറമേ വിദ്യാഭ്യാസ മേഖലയിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly